LIBRARY ARCHIVES Kerala Legislative Assembly

വാനില ഉൽപാദനവും കയറ്റുമതിയും

66 [2929] ശ്രീ. സാജുപോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാനില കൃഷിയിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഉണ്ടായ മൊത്ത ഉൽപ്പാദനത്തിന്റെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷം എത്ര അളവ് വാനില കയറ്റുമതി ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന വാനില സംസ്ഥാനത്തിനകത്ത് തന്നെ സംസ്ക്കരിക്കുന്നതിനും വ്യാവസായികമായി ഉപയോഗിക്കുന്നതിനും ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) വാനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വാനില കർഷകരെ സഹായിക്കുന്നതിനും ന്യായവില ലഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാനില ഉൽപാദനം സംബന്ധിച്ച് കഴിഞ്ഞ 2 വർഷത്തെ കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളു. അവയെ സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

വർഷം	*ഉൽപ്പാദനം (ടണ്ണിൽ)*
2002-2003	18.56
2003-2004	33.44

(ബി) കഴിഞ്ഞ വർഷം (2003-2004)-ൽ 5 ടണ്ണോളം വാനില കയറ്റുമതി ചെയ്തിരുന്നു.

(സി) ഇപ്പോൾ കേരളത്തിലെ മൂന്നു യൂണിറ്റുകളിൽ സംസ്ക്കരണ സൗകര്യം ലഭ്യമാണ്. ഈ യൂണിറ്റുകളിൽ സംസ്ക്കരണം നടത്തുന്നതിനായി കർഷകരിൽ നിന്നും പച്ച ബീൻസ് ശേഖരിക്കുന്നു. കുറച്ചു കർഷകർക്കു സ്വന്തമായി സംസ്ക്കരണ സൗകര്യങ്ങൾ ഉണ്ട്.

(ഡി) 2004-2005 വർഷത്തിൽ കൃഷി വകുപ്പ് സുഗന്ധവിള വികസനം എന്ന പദ്ധതിയിലൂടെ 28.97 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് രണ്ട് ലക്ഷം വാനിലതൈകൾ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൽ ഒരു ലക്ഷം വേരു പിടിപ്പിച്ച വാനില തൈകൾ പത്തനംതിട്ട (25,000 എണ്ണം), കോട്ടയം (20,000 എണ്ണം), ഇടുക്കി (25,000 എണ്ണം), തൃശ്ശൂർ (5000 എണ്ണം), വയനാട് (10,000 എണ്ണം), കാസർഗോഡ് (5,000 എണ്ണം), കണ്ണൂർ (10,000 എണ്ണം) എന്നീ ജില്ലകളിലെ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് 25 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം നടത്തുന്നതാണ്. ഇതിലേയ്ക്കായി 14 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. കൂടാതെ 1 ലക്ഷം ടിഷ്യു

കൾച്ചർ വാനില തൈകൾ കഴക്കൂട്ടത്തെ ബയോ ടെക്നോളജി ആന്റ് മോഡൽ ഫ്ളോറി കൾച്ചർ സെന്ററിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി 14.97 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

സ്പൈസസ് ബോർഡുവഴി ചെറുകിട നാമമാത്ര കർഷകർക്ക് 5 രൂപ നിരക്കിൽ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു. കൂടാതെ വേരു പിടിപ്പിച്ച വാനില തൈകൾ 8 രൂപ നിരക്കിലും, ടിഷ്യൂ കൾച്ചർ തൈകൾ 4.50 രൂപയ്ക്കും വിപണനം നടത്തിവരുന്നു. ഈ വർഷം 8 ലക്ഷം വള്ളികൾ സ്പൈസസ് ബോർഡു വിതരണം നടത്തും. 5,000 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കാനും (10-ാം പഞ്ചവത്സര പദ്ധതിയിൽ) ലക്ഷ്യമിട്ടിട്ടുണ്ട്.

2003-2004-ൽ സംസ്കരണ യൂണിറ്റുകൾക്കായി 2,500 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. 10-ാം പദ്ധതിയിൽ 12.5 ലക്ഷം രൂപ ചെലവഴിച്ച് 500 യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

കൂടാതെ നല്ല വാനില കൃഷിക്കാർക്ക് അവാർഡുകൾ നൽകാനും ഇതിലേക്കായി 1-ാം സമ്മാനം 25,000 രൂപയും രണ്ടാം സമ്മാനം 15,000 രൂപയും നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

കർഷകർക്ക് പെൻഷൻ പദ്ധതി

67 [2930] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. ബാബു:
,, എം. മുരളി:
,, വി. ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ കൃഷിരംഗം ഈയിടെ ഉണ്ടായ വരൾച്ചമൂലം കൂടുതൽ ദുർഘടാവസ്ഥയിലെത്തിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി രംഗത്ത് ഉണ്ടായ ഈ അധഃപതനത്തെ തുടർന്നുണ്ടായ ഉല്പാദനമാന്ദ്യം കർഷകനെ തളർത്തിയിട്ടുണ്ടോ;

(സി) കഷ്ടസ്ഥിതിയിലായ കർഷകനെ സഹായിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പെൻഷൻ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ അവ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭാഗികമായി തളർത്തിയിട്ടുണ്ട്.

(സി, ഡി) ഇതു സംബന്ധിച്ച യാതൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly